8 ലൈൻമാൻ

9 ഇലക്ട്രിസിറ്റി വർക്കർ

10 ഡ്രൈവർ

11 പാർട്ട്ടൈം സ്വീപ്പർ

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സെക്ഷൻ ഓഫീസുകൾക്കുപുറമേ കണ്ണനല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെയും കൊട്ടിയം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെയും ചില ഭാഗങ്ങളും ചാത്തന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു.

(ബി)

സീനിയർ അസിസ്റ്റന്റ് തസ്തിക	പുതക്കുളം സെക്ഷൻ ഓഫീസ് - 1	
ഓവർസിയർ തസ്തിക	പരവൂർ ഇലട്രിക്കൽ സെക്ഷൻ-1	"
	പാരിപ്പള്ളിഇലട്രിക്കൽ സെക്ഷൻ-3	"
മീറ്റർ റീഡർ തസ്തിക	ചാത്തന്നൂർഇലട്രിക്കൽ സെക്ഷൻ-3	"
	പരവൂർഇലട്രിക്കൽ സെക്ഷൻ-3	"
	പാരിപ്പള്ളിഇലട്രിക്കൽ സെക്ഷൻ-3	"
	പുതക്കുളംഇലട്രിക്കൽ സെക്ഷൻ-2	"
ലൈൻമാൻ തസ്തിക	പരവൂർഇലട്രിക്കൽ സെക്ഷൻ-1	"
	പാരിപ്പള്ളിഇലട്രിക്കൽ സെക്ഷൻ-3	"

(സി) സീനിയർ അസിസ്റ്റന്റ്, ഓവർസിയർ, ലൈൻമാൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പ്രൊമോഷനിലൂടെ കഴിയുന്നത്ര നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മീറ്റർ റീഡർ തസ്തികയിലെ ഒഴിവ് പി.എസ്.സി. അഡ്വൈസ് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് നികത്താവുന്നതാണ്.

കോതമംഗലം നെല്ലിക്കുഴിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

LIBRARY ARCHIVES Kerala Legislative Assembly

44 (384) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം നെല്ലിക്കുഴി ആസ്ഥാനമായി കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ഭൂവിസ്തൃതിയും ഉപഭോക്താക്കളുടെ എണ്ണക്കൂട്ടുതലും പരിഗണിച്ച് പ്രസ്തുത സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) കെ.എസ്.ഇ.ബി-യുടെ സെക്ഷൻ ഓഫീസുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ

(ഡി) കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസുകളിൽ ആവശ്യത്തിന് മസ്ദൂർ, ലൈൻമാൻ എന്നിവരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) കോതമംഗലം നം.1, വെളളൂർക്കുന്നം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ എരുമലപ്പടിയിൽ ഒരു പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുളള നിർദ്ദേശം വൈദ്യുതി ബോർഡിന്റെ പരിഗണനയിലാണ്.

(സി) പരിഗണനയിലില്ല.

(ഡി) ആവശ്യത്തിനു ജീവനക്കാരുടെ സേവനം 24 മണിക്കൂറും ഉറപ്പാക്കിയിട്ടുണ്ട്.

ഗാർഹിക ഉപഭോക്താക്കൾക്ക് സൗരോർജ്ജ പ്ലാന്റുകൾ

45 (385) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly